## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2465 18.02.2016-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>(ഉദുമ) : | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ. | കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിഗിംഗ് വാട്ടർ പ്രോജക്ട്) പദ്ധതിയിൽ ചെങ്കള, മൂളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | എ. | ഉണ്ട്. കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിഗിംഗ് വാട്ടർ പ്രോജക്ട്) പദ്ധതിയിൽ ചെങ്കള, മൂളിയാർ, മധൂർ, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് ഒന്നാം ഘട്ടത്തിനായി 2012-ലെ എസ്.എൽ. എസ്.സി.യിൽ 1980 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.<br>പദ്ധതിയുടെ രണ്ടാംഘട്ടത്തിന് 2013-ൽ 2350 ലക്ഷം രൂപയ്ക്ക് നബാർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പുരോഗതി ഏതുവരെയായെന്ന് വിശദമാക്കാമോ; | ബി. | പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ<br>1. ഇൻ ടേക്ക് വെൽ കം പമ്പ് ഹൗസ്<br>2. റോ വാട്ടർ പമ്പിംഗ് മെയിൻ<br>3. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ<br>4. 3 ഉപരിതല ജല സംഭരണികൾ<br>5. 30 ദശലക്ഷം ശേഷിയുള്ള ശുദ്ധീ കരണശാല<br>ഇവയിൽ പ്ലാന്റ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. ശുദ്ധീ കരണശാലയുടെ പ്രവൃത്തി പ്രാഥമിക ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നബാർഡിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ.<br>1. 3 ജലസംഭരണികൾ<br>2. ഗ്രാവിറ്റി മെയിൻ<br>3. 75 കിലോമീറ്റർ ജലവിതരണ ശൃംഖല എന്നിവയാണ്. ഇവയുടെ പ്രവൃത്തി അവസാനഘട്ടത്തിലാണ്. |
| സി | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കുമോ? | സി | ഈ പദ്ധതി ജനുവരി 2017-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ